**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2018-19 – നബാർഡ് - ആർ ഐ ഡി എഫ് ഇടുക്കി പാക്കേജിൽ ഉൾപ്പെട്ട ഓടക്കാസിറ്റി - ചാലിസിറ്റി - നാരകക്കാനം - അൽഫോൺസാ നഗർ റോഡിന്റെ നിർമ്മാണ പ്രവൃത്തി നിർവ്വഹിച്ച വകയിൽ കരാറുകാരന് നൽകാനുള്ള ടെണ്ടർ എക്സസ് തുക - ഇടുക്കി ജില്ലാ പഞ്ചായത്തിന് മുൻകൂറായി അനുവദിച്ച് ഉത്തരവാകുന്നു

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 6723/2018/ധന. തീയതി, തിരുവനന്തപുരം, 06 ആഗസ്റ്റ് 2018

---

പരാമർശം.
1) ബഹു: കേരള ഹൈക്കോടതി WP(C) No.28897/2017 ൽ പുറപ്പെടുവിച്ച 07/03/2018 ലെ വിധിന്യായം.
2) സ.ഉ(സാധാ)നം.1395/2018/ത.സ്വ.ഭ.വ തീയതി 19/05/2018
3) സ.ഉ(സാധാ)നം.1725/2018/ ത.സ്വ.ഭ.വ തീയതി 25/06/2018

<u>**ഉത്തരവ്**</u>

ഇടുക്കി ജില്ലാ പഞ്ചായത്തിൽ നബാർഡ് - ആർ.ഐ.ഡി.എഫ് ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച ഓടക്കാസിറ്റി - ചാലിസിറ്റി - നാരകക്കാനം - അൽഫോൻസാ നഗർ റോഡിന്റെ നിർമ്മാണ പ്രവൃത്തി നിർവ്വഹിച്ച കരാറുകാരൻ ശ്രീ. കെ. ഐ. പൗലോസ് ടെണ്ടർ എക്സസ് തുക നൽകാത്തതിനെതിരെ ബഹു: ഹൈക്കോടതിയെ സമീപിക്കുകയും ടി തുക രണ്ട് മാസത്തിനകം അനുവദിച്ച് നൽകണമെന്ന് പരാമർശം (1) പ്രകാരം ബഹു:ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു. ഇതേത്തുടർന്ന് കരാറുകാരന് നൽകാനുള്ള അധിക ടെണ്ടർ തുകയായ **1,69,68,994/- രൂപ** ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ ടി തുക നൽകാൻ സാധിക്കുകയില്ലെന്നും ആയതിനാൽ സർക്കാരിൽ നിന്നും തുക അനുവദിക്കണമെന്നും ജില്ലാ പഞ്ചായത്ത് ആവശ്യപ്പെടുകയുണ്ടായി.

2) തുടർന്ന് കരാറുകാരൻ 1202/18 നമ്പറായി കോടതി അലക്ഷ്യം ഫയൽ ചെയ്ത സാഹചര്യം കണക്കിലെടുത്ത് പരാമർശം (3) പ്രകാരം കരാറുകാരന് നൽകാനുള്ള അധിക ടെണ്ടർ തുക ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിൽ നിന്നും അടിയന്തിരമായി അനുവദിച്ച് നൽകാൻ സർക്കാർ വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും തുക

സർക്കാർ തന്നെ നൽകണമെന്ന നിലപാടിൽ ജില്ലാ പഞ്ചായത്ത് ഭരണ സമിതി ഉറച്ചു നിൽക്കുകയാണുണ്ടായത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നബാർഡ്- ആർ ഐ ഡി എഫ് ഇടുക്കി പാക്കേജിൽപ്പെട്ട നിർമ്മാണം പൂർത്തീകരിച്ച ഓടക്കാസിറ്റി - ചാലിസിറ്റി - നാരകക്കാനം - അൽഫോൻസാ നഗർ റോഡിന്റെ അധിക ടെണ്ടർ തുകയായ **1,69,68,994/- രൂപ (ഒരു കോടി അറുപത്തി ഒൻപത് ലക്ഷത്തി അറുപത്തെണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാല് രൂപ മാത്രം)** ഇടുക്കി ജില്ലാ പഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ ഇനി അനുവദിക്കാനുള്ള വികസന ഫണ്ടിന്റെ ഗഡുവിൽ നിന്നും പലിശ ഇല്ലാതെ തിരിച്ച് പിടിക്കുന്നതാണെന്ന വ്യവസ്ഥയിൽ മുൻകൂറായി അനുവദിച്ച് ഉത്തരവാകുന്നു.

4) ഈ ധനാനുമതി '3604-00-200-86-(03)-35' എന്ന കണക്ക് ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (E-573552)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.